(1)	(2)	(3)
3.	വൊക്കേഷണൽ ഹയർ സെക്കന്ററി	തുല്യതാ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ
4.	വൊക്കേഷണൽ ഹയർ സെക്കന്ററി	ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ
5.	ഗ്രാമവികസനം	എൻ.ആർ.ഇ.ജി.എ. ജോലിക്കുള്ള അപേക്ഷ
6.	ഗ്രാമവികസനം	ഐ.എ.വൈ. അപേക്ഷ

ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈനായി നൽകിവരുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു.* മോട്ടോർ വാഹന വകുപ്പ്, നികുതി വകുപ്പ്, രജിസ്ട്രേഷൻ, തദ്ദേശസ്വയംഭരണം, ട്രഷറി, ആരോഗ്യം, പോലീസ് തുടങ്ങിയ വകുപ്പുകളുടെ നിരവധി സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാണ്.

മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുക

23(27) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലാണ് അറ്റകുറ്റപ്പണികൾ, മോടി പിടിപ്പിക്കൽ തുടങ്ങിയവ നടത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(ബി) ഈ ഇനത്തിൽ ഓരോ മന്ത്രിമാരും ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2014 വർഷത്തിൽ സംസ്ഥാനത്തെ മന്ത്രിമാരുടെ ഔദ്യോഗിക വസതികളിലെ അറ്റകുറ്റപ്പണികൾ, മോടി പിടിപ്പിക്കൽ എന്നിവയ്ക്ക് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly